19842
8/12/16

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - നോട്ട് അസാധുവാക്കിയതിനെത്തുടർന്ന് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 48/2016/സഹ തീയതി, തിരുവനന്തപുരം, 03/12/2016**

---

പരാമർശം:- 1. നോട്ടിഫിക്കേഷൻ നം. എസ്.ഒ. 3407(ഇ) തീയതി, 08/11/2016.

2. സഹകരണ സംഘം രജിസ്ട്രാറുടെ 02/12/2016 ലെ സി.ബി. (1) 48328/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1) ലെ വിജ്ഞാപനത്തിലൂടെ 500, 1000 രൂപ നോട്ടുകളുടെ ലീഗൽ ടെണ്ടർ ക്യാരക്ടർ പിൻവലിക്കുകയുണ്ടായി. തുടർന്ന് ഇടപാടുകാർക്ക് ഒരാഴ്ച പിൻവലിക്കാവുന്ന തുക പരമാവധി 24,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. ഈ നടപടി സഹകരണ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകളിലെ ഉപഭോക്താക്കളായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒരാഴ്ച പിൻവലിക്കാവുന്ന തുക ഇതുമൂലം 24,000/- രൂപയായി പരിമിതപ്പെടുകയുണ്ടായി. ഇത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്നതാണ്. ഈ സാഹചര്യം 30.11.2016 ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിശദമായി ചർച്ച ചെയ്തു. ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരത്തിനായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിക്കേണ്ടതാണ്.

പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/- രൂപയോ റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകാവുന്നതുമാണ്.

കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിക്കാവുന്നതാണ്.

ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണ്. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർബല്യം പരിഹരിക്കുന്ന തിനുള്ള താൽക്കാലിക സംവിധാനമായിരിക്കും. താൽക്കാലികമായി ഏർപ്പെടുത്തുന്ന ഈ ബദൽ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ആവശ്യമുള്ള ഇടപാടുകാർക്ക് മാത്രം നൽകിയാൽ മതിയാകും.

മേൽ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. വേണുഗോപാൽ**
**സ്പെഷ്യൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
സഹകരണ (സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. മുഖ്യമന്ത്രിയുടെ പി.എസിന്
2. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്